**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ സംരക്ഷിക്കാമെന്ന 'സംരക്ഷണ സമ്മതമൊഴി' നൽകി സർക്കാർ സർവീസിൽ പ്രവേശിച്ച ശേഷം ആയത് ലംഘിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നത് സംബന്ധിച്ച് പൊതു വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

ജി ഒ (പി) നം. 12/2023/പി & എ ആർ ഡി            തിരുവനന്തപുരം, തീയതി : 14.07.2023

==========================================================

പരാമർശം:- 1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി നമ്പർ ഉത്തരവ്.
2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ നമ്പർ ഉത്തരവ്.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 11.05.2018 ലെ എ 7/120/2018 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് പരാമർശം ( 1 ) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആശ്രിത നിയമനം നൽകി വരുന്നു.

2. മരണപ്പെട്ട ജീവനക്കാരുടെ മാതാവ്/പിതാവ് ഒഴികെയുള്ളവർ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ മരണപ്പെട്ട ജീവനക്കാരുടെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി/അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുവാനും പരാമർശം ( 2 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം ( 2 ) ഉത്തരവ് പ്രകാരം സംരക്ഷണ സമ്മതമൊഴി നൽകി സർക്കാർ സർവീസിൽ പ്രവേശിച്ചതിനുശേഷം അതിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായുള്ള പരാതികൾ ലഭിക്കുന്നുവെന്നും, അതിനാൽ സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ പ്രത്യേകം വ്യവസ്ഥ ചെയ്യണമെന്നും, ടി ജീവനക്കാരുടെ അടിസ്ഥാന

ശമ്പളത്തിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് ദൈനംദിന ചെലവുകൾക്കായി നൽകുവാനും ആവശ്യമായ പൊതു വ്യവസ്ഥകൾ രൂപീകരിക്കണമെന്ന് പരാമർശം ( 3 ) കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷണ സമ്മതമൊഴി നൽകിക്കൊണ്ട് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിച്ചവർ മറ്റ് ആശ്രിതരെ സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല സർക്കാരിനുണ്ട്.

5. മേൽ സാഹചര്യത്തിൽ, മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ സംരക്ഷിക്കാമെന്ന 'സംരക്ഷണ സമ്മതമൊഴി' നൽകി സർക്കാർ സർവീസിൽ പ്രവേശിച്ച ശേഷം ആയത് ലംഘിക്കുന്ന ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും, ടി ജീവനക്കാരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് ധനസഹായമായി നൽകുന്നത് സംബന്ധിച്ചും താഴെപ്പറയും പ്രകാരമുള്ള പൊതു വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ സമ്മതമൊഴി നൽകി സർക്കാർ ജോലിയിൽ പ്രവേശിച്ചതിനുശേഷം അതിലെ വ്യവസ്ഥ ലംഘിക്കുന്ന ജീവനക്കാർക്കെതിരെ പരാതി ഉണ്ടെങ്കിൽ ആയത് നിയമനാധികാരിക്ക് രേഖാമൂലം സമർപ്പിക്കേണ്ടതാണ് (ആശ്രിതരുടെ സംരക്ഷണം എന്നാൽ ആഹാരം, വസ്ത്രം, പാർപ്പിടം, ചികിൽസ, പരിചരണം എന്നിവ ഉൾപ്പെടുന്നതാണ്).

ii. ഇപ്രകാരം ലഭിക്കുന്ന പരാതിയിൻമേൽ നിയമനാധികാരി ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർ മുഖേന അന്വേഷണം നടത്തേണ്ടതാണ്. തഹസീൽദാർക്ക് അപേക്ഷ കൈമാറി കിട്ടി ഒരു മാസത്തിനുള്ളിൽ നടപടി ശിപാർശയോടുകൂടിയ വിശദമായ അന്വേഷണ റിപ്പോർട്ട് നിയമനാധികാരിക്ക് കൈമാറേണ്ടതാണ്. അന്വേഷണ റിപ്പോർട്ട് സത്യസന്ധവും, സമഗ്രവും, വസ്തുനിഷ്ഠവുമായിരിക്കേണ്ടതും ആയതിന്റെ പൂർണ ഉത്തരവാദിത്വം തഹസീൽദാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

iii. അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിലെ നടപടി ശിപാർശയുടെ അടിസ്ഥാനത്തിൽ, നിയമനാധികാരിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട ഡി.ഡി.ഒ (ശമ്പളാധികാരി) ജീവനക്കാരന്റെ/ജീവനക്കാരിയുടെ അടിസ്ഥാന

ശമ്പളത്തിന്റെ 25% തുക പ്രതിമാസം പിടിച്ചെടുത്ത് അർഹരായ പരാതി കക്ഷി/കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

iv. തഹസീൽദാരുടെ അന്വേഷണ റിപ്പോർട്ടിന്മേൽ പരാതി കക്ഷിക്കോ/കക്ഷികൾക്കോ ജീവനക്കാരനോ/ജീവനക്കാരിക്കോ ആക്ഷേപമുള്ള പക്ഷം റിപ്പോർട്ട് തീയതി മുതൽ മൂന്ന് മാസത്തിനകം ജില്ലാകളക്ടർ മുൻപാകെ അപ്പീൽ ഹർജി സമർപ്പിക്കേണ്ടതും, ആയതിന്മേൽ ജില്ലാകളക്ടർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

v. ജീവനക്കാരൻ/ജീവനക്കാരി ശമ്പളത്തോടുകൂടിയ അവധിയിലാണെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 25% -നു തുല്യമായ തുക അവധി ശമ്പളത്തിൽ നിന്നും ഡി ഡി ഒ പിടിച്ചെടുത്ത് അർഹരായ പരാതി കക്ഷി/കക്ഷികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

vi. ഇപ്രകാരം നടപടി നേരിടുന്ന ജീവനക്കാർക്ക് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് XII എ, അപ്പെൻഡിക്സ് XII സി എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതല്ല. മറ്റ് ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയാണെങ്കിൽ അവധിക്കാലയളവിൽ പ്രതിമാസം അടയ്ക്കേണ്ട നിശ്ചിത തുക ഒരുമിച്ച് മുൻകൂറായി പരാതി കക്ഷി/കക്ഷികളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

vii. ഒന്നിൽക്കൂടുതൽ പരാതിക്കാരുണ്ടെങ്കിൽ ടി തുക തുല്യമായി വീതിച്ചുനൽകേണ്ടതാണ്. മരണപ്പെട്ട ജീവനക്കാരന്റെ/ജീവനക്കാരിയുടെ വിധവ/വിഭാര്യൻ/രക്ഷിതാക്കൾ/മറ്റ് ആശ്രിതർ എന്നിവരിൽ ആരു ജീവിച്ചിരുന്നാലും, അവർ കുടുംബ പെൻഷനോ മറ്റൊരു സ്ഥിരം ജീവനോപാധിയോ ഇല്ലാത്തവരാണെങ്കിൽ മേൽ വ്യവസ്ഥ പ്രകാരമുള്ള സംരക്ഷണത്തിന് അർഹരാണ്.

viii. സംരക്ഷണത്തിനർഹരായവർ (വിധവ/വിഭാര്യൻ) പുനർവിവാഹം ചെയ്യുന്ന പക്ഷം മേൽ വ്യവസ്ഥ പ്രകാരമുള്ള സംരക്ഷണത്തിന് അർഹരായിരിക്കുകയില്ല.

ix. സാമൂഹിക സുരക്ഷാ പെൻഷൻ, വെൽഫയർ ഫണ്ട് ബോർഡുകളിൽ നിന്നുമുള്ള പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്ക് മേൽ വ്യവസ്ഥ പ്രകാരമുള്ള സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ കുടുംബപെൻഷന് അർഹരായവർക്ക് സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

x. ഈ ഉത്തരവ് തീയതി മുതൽ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലിക്ക് നൽകുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള ഒരു സമ്മതപത്രം കൂടി അപേക്ഷകരിൽ നിന്നും അതത് നിയമനാധികാരികൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

xi. ആശ്രിത നിയമന പദ്ധതി പ്രകാരം, പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ സമ്മതമൊഴി നൽകിക്കൊണ്ട് ഇതിനോടകം ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും കൂടി മേൽ പറഞ്ഞ പ്രകാരമുള്ള ഒരു സമ്മതപത്രം, അതത് നിയമനാധികാരികൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ഡോ. എ. ജയതിലക് ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
പൊതുഭരണ (എസ്.സി) വകുപ്പ് [12/07/2023 ലെ ഇനം നം.1635 പ്രകാരം]
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി(വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ